LIBRARY ARCHIVES Kerala Legislative Assembly

അർബൻ സ്ലം ഹെൽത്ത് അപ്‌ലിഫ്റ്റ്മെന്റ് സ്കീം

11 (8071) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15-ലെ ബജറ്റ് പ്രസംഗത്തിൽ 230-ാം നമ്പർ ഇനമായ അർബർ സ്ലം ഹെൽത്ത്-അപ് ലിഫ്റ്റ് മെന്റ് സ്കീം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) നഗരപ്രദേശങ്ങളിലെ ഓരോ സ്ലം മേഖലയും കേന്ദ്രീകരിച്ച് സ്ഥിരം ഡോക്ടറുടെ സേവനം ഉൾപ്പെടെയുള്ള ക്ലിനിക് ആരംഭിക്കുന്നതിന് ഈ പദ്ധതിയിൽ നടപടി ഉണ്ടാകുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കാരുണ്യകേരളം പദ്ധതിയുടെ ഭാഗമായി നഗരപ്രദേശങ്ങളിൽ ചേരികളിൽ താമസിക്കുന്നവർക്കായി ആരോഗ്യ ബോധവൽക്കരണം, രോഗപരിശോധന, ചികിത്സ എന്നിവ ലഭ്യമാകുന്നതിനുള്ള പദ്ധതിയാണ് അർബൻ സ്ലം ഹെൽത്ത്-അപ് ലിഫ്റ്റ്മെന്റ് സ്കീം.

(ബി) ഈ പദ്ധതിയുടെ ഉദ്ഘാടനം ആഗസ്റ്റ്മാസം അവസാനവാര ത്തോടുകൂടി നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ക്ലിനിക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

'ഏജ്' പദ്ധതിപ്രകാരം ജെറിയാട്രിക് ക്ലിനിക്കുകൾ

12 (8072) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 'ഏജ് ' (അസിസ്റ്റന്റ്സ് ഫോർ ജെറിയാട്രിക് എമർജൻസീസ്) എന്ന പദ്ധതിയിൻകീഴിൽ ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിൽ അന്തേവാസികൾ മരിക്കുവാനിടയായ സാഹചര്യം മുൻനിർത്തി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രഖ്യാപിത ക്ലിനിക്കുകളിൽ ഏതെങ്കിലും ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?